ഹൈസ്കൂൾ

കൂട
കളികൾ



പ്രവർത്തനം 2

# പാറ്റേൺ മാന്ത്രികം

ഒരു 4×4 ചതുരത്തിൽ 1 മുതൽ 16 വരെയുള്ള സംഖ്യകൾ ക്രമീകരിക്കുക. ഒരു നിയമം മാത്രം – അടുത്തടുത്തുള്ള സംഖ്യകൾ തമ്മിൽ കൂട്ടുമ്പോൾ കിട്ടുന്നത് ഒരു അഭാജ്യ സംഖ്യ ആയിരിക്കണം. ഇത്തരത്തിൽ എത്ര ക്രമീകരണങ്ങൾ ഉണ്ടാക്കാം? കാർഡ്ബോർഡിൽ സംഖ്യകൾ എഴുതി ക്രമീകരിച്ച് ഉത്തരങ്ങൾ കണ്ടെത്തി നോക്കൂ. ക്രമീകരണത്തെ സഹായിക്കുന്ന ഒരു പാറ്റേൺ കണ്ടെത്താൻ കഴിയുന്നുണ്ടോ എന്ന് നോക്കണം. എത്ര ഉത്തരങ്ങൾ കണ്ടെത്താൻ കഴിയുന്നുണ്ട്? നിങ്ങൾ കണ്ടെത്തുന്ന ഉത്തരങ്ങൾ മറ്റൊരു ഉത്തരത്തിന്റെ reflection , rotation ആകാനും സാധ്യതയുണ്ട്, അവ കൂടി കാണാൻ കഴിയുന്നുണ്ടോ? **കിട്ടിയ ഉത്തരങ്ങൾ രേഖപ്പെടുത്തി വെക്കണം, കണ്ടെത്തലുകൾ കുറിപ്പായോ, ഉത്തരങ്ങൾ ചിത്രമായോ സൂക്ഷിച്ചുവെക്കൂ.**



അറിയാം
നിറയാം
ഉയരാം



യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം